# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 , 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


30.10.2015

പത്രക്കുറിപ്പ്:-

## ഹിമാലയത്തിലേക്കും സാഹിത്യത്തിലേക്കും കുറുക്കുവഴികളില്ല.

### പ്രൊഫ. എം. തോമസ് മാത്യു

അക്ഷരങ്ങൾക്ക് ഇടയിൽ ഉറങ്ങുന്ന ഭാവനിർഭരമായ മൗനങ്ങൾക്ക് ഭാഷ്യം ചമച്ചവരാണ് പൂർവ്വസൂരികളായ എഴുത്തുകാർ. അവരെ ഓർക്കുന്നതിനും അവരുടെ സംഭാവനകൾ എന്ത് എന്ന് പുതിയ തലമുറയെ അറിയിക്കുന്നതിനും സമൂഹത്തിന് ബാദ്ധ്യതയുണ്ട്. കോഴഞ്ചേരി സെന്റ് തോമസ് കോളജ് മലയാള വിഭാഗത്തിന്റെ സഹകരണത്തോടെ ഡോ. യൂഹാനോൻ മാർത്തോമ്മാ ഹാളിൽ കേരളസാഹിത്യ അക്കാദമി സംഘടിപ്പിച്ച തിരുവല്ല-കോഴഞ്ചേരി ദേശപ്പെരുമ സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രൊഫ. എം. തോമസ് മാത്യു പറഞ്ഞു. ഏതു തലമുറയും പിന്തിരിഞ്ഞു നോക്കണം. നാം ആരുടെ തോളിലിരുന്നാണ് വലിയവരാകുന്നത് എന്ന് അറിയണം. നാം സഞ്ചരിക്കുന്ന വഴികൾ നമ്മൾ വെട്ടിയുണ്ടാക്കിയതല്ല. നമ്മൾ ഉപയോഗിക്കുന്ന ഭാഷ നമ്മൾ ഉണ്ടാക്കിയതല്ല. നമുക്ക് കിട്ടിയതാണ്. ആരൊക്കെയോ കൊളുത്തിവച്ച വിളക്കുകളുടെ പ്രകാശത്തിലാണ് നമ്മൾ ജീവിക്കുന്നത്. ജീവിതബോധത്തിന്റെ, ബന്ധങ്ങളുടെ അടിസ്ഥാനം സാഹിത്യമാണ്. സാഹിത്യമാണ് മനുഷ്യരെക്കുറിച്ചുള്ള മൂല്യബോധം നിർണ്ണയിക്കുന്നത്. നമ്മുടെ ബോധത്തെ, സങ്കൽപങ്ങളെ, സ്വപ്നങ്ങളെ, ഉത്കണ്ഠകളെ പകർത്തിവെക്കുന്നത് സാഹിത്യമാണ്. ഉറക്കം വേണ്ടെന്ന് വെക്കുന്നവർക്കേ എഴുത്തുകാരനാവാൻ പറ്റൂ. ഹിമാലയത്തിലേക്കെന്നപോലെ എഴുത്തുകാരനാവാൻ കുറുക്കുവഴികളില്ല. അദ്ദേഹം തുടർന്നു പറഞ്ഞു.

സാഹിത്യവും കലയും ജനകീയമായിരിക്കുമ്പോൾത്തന്നെ ഭാവുകത്വത്തിന്റെ ഉയർന്ന മണ്ഡലങ്ങളിൽ നിലനിൽക്കണമെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ അഭിപ്രായപ്പെട്ടു. കോഴഞ്ചേരി സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഡോ. റോയ്സ് മല്ലശ്ശേരി, അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, മലയാളം വകുപ്പു മേധാവി ഡോ. സാറാമ്മ വർഗീസ് എന്നിവർ പ്രസംഗിച്ചു.

ഇംഗ്ലീഷിലും മലയാളത്തിലും അപാര വ്യുൽപത്തി ഉണ്ടായിരുന്ന ഡോ. കെ. എം. തരകൻ ലോകസാഹിത്യത്തിനും മലയാള സാഹിത്യത്തിനും ഇടയിൽ ഒരു പാലമായി വർത്തിച്ചുവെന്നും ഒരു കാലഘട്ടത്തിന്റെ ധൈഷണിക സാംസ്ക്കാരിക അഭിരുചികളെ സ്വാധീനിച്ചുവെന്നും സെമിനാറിൽ മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ് വിലയിരുത്തി. ജീവിതത്തിന്റെ വിഷമാവസ്ഥകളിൽ കണ്ണയയ്ക്കുകയും വേദനകളിൽ കൈനനയ്ക്കുകയും ചെയ്ത കവിയായിരുന്നു വെണ്ണിക്കുളം ഗോപാലക്കുറുപ്പെന്നും കവിയെന്ന നിലയിൽ സ്വന്തം ജന്മഭൂമിയേയും ജനസമൂഹത്തേയും സേവിക്കുക അദ്ദേഹം ലക്ഷ്യമായി കണ്ടുവെന്നും ഡോ. സി. ജെ. റോയ് പറഞ്ഞു. ഡോ. ബാബു ചെറിയാൻ, സി. ആർ. ഓമനക്കുട്ടൻ, റവ. ഡോ. മാത്യു ഡാനിയേൽ എന്നിവർ ഇ. എം. കോവൂർ, പി.സി. കോരുത്, തുമ്പമൺ തോമസ് എന്നിവരുടെ സാഹിത്യസംഭാവനകളെപ്പറ്റി പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അക്കാദമി നിർവ്വാഹക സമിതി അംഗം ഡോ. സന്തോഷ് ജെ. കെ. വി. മോഡറേറ്ററായിരുന്നു. ഡോ. ജെയ്സൺ ജോസ്, പ്രൊഫ. നിബുലാൽ വെട്ടൂർ എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്**

കേരള സാഹിത്യഅക്കാദമി കോഴഞ്ചേരി സെന്റ് തോമസ് മലയാള വിഭാഗത്തിന്റെ സഹകരണത്തിൽ ഡോ. യൂഹാനോൻ മാർത്തോമ്മാ ഹാളിൽ സംഘടിപ്പിച്ച ദേശപ്പെരുമ സാഹിത്യ സംഗമം പ്രൊഫ. എം. തോമസ് മാത്യു ഉദ്ഘാടനം ചെയ്യുന്നു. റവ. ഡോ. മാത്യു ദാനിയേൽ, തോമസ് ജേക്കബ്, പെരുമ്പടവം ശ്രീധരൻ, ഡോ. സി ജെ. റോയി, ആർ. ഗോപാലകൃഷ്ണൻ, ഡോ. റോയ്സ് മല്ലശ്ശേരി എന്നിവർ മുൻനിരയിൽ, ഡോ. സന്തോഷ് ജെ.കെ.വി., ഡോ. ബാബു ചെറിയാൻ ഡോ. സാറാമ്മ വർഗീസ് എന്നിവർ പിൻനിരയിൽ

JM



തിരുവല്ല-കോഴഞ്ചേരി
ഏകദിനസെമിനാർ